**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5572** **08-07-2024 - ൽ മറുപടിയ്ക്ക്**

**തീരപരിപാലന നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പുതുക്കിയ തീരപരിപാലന നിയമത്തിൽ ദ്വീപുകൾക്കും കായൽ ദ്വീപുകൾക്കും നിർമ്മാണമേഖല പരിധി 20 മീറ്ററായി നിശ്ചയിച്ചിട്ടുള്ള സാഹചര്യത്തിൽ സംസ്ഥാനത്തെ പ്രധാന ജനവാസകേന്ദ്രങ്ങളായ ചെല്ലാനം, കുമ്പളങ്ങി, വൈപ്പിൻ, ബോൾഗാട്ടി തുടങ്ങിയ പ്രദേശങ്ങൾക്ക് ദ്വീപിന്റെ പരിഗണന നൽകുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദം ചെലുത്തുമോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | പത്ത് ഹെക്ടറിൽ കൂടുതൽ വിസ്തൃതിയുള്ള ദ്വീപുകൾക്ക് മാത്രമേ ഇന്റഗ്രേറ്റഡ് ഐലന്റ് മാനേജ്മെന്റ് പ്ലാൻ (IIMP) തയ്യാറാക്കേണ്ടതിന്റെ ആവശ്യകത ഉള്ളുവെന്നും 10 ഹെക്ടറിൽ കുറവ് വിസ്തൃതിയുള്ള ദ്വീപുകൾക്ക് വേറിട്ട് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതാണെന്ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അറിയിച്ചിട്ടുണ്ട്.<br><br>ഇന്റഗ്രേറ്റഡ് ഐലന്റ് മാനേജ്മെന്റ് പ്ലാൻ (IIMP) തയ്യാറാക്കുന്നതിനായി കേരള തീരദേശ പരിപാലന അതോറിറ്റിയും നാഷണൽ സെന്റർ ഫോർ സസ്റ്റൈനബിൾ കോസ്റ്റൽ മാനേജ്മെന്റ് (NCSCM) മായി കരാറിൽ ഏർപ്പെടുകയും Terms of Reference (ToR) കൈമാറുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | അങ്കണവാടികൾ, സ്കൂളുകൾ, ആശുപത്രികൾ തുടങ്ങിയവയുടെ നിർമ്മാണത്തിന് തീരപരിപാലന നിയമത്തിൽ ഇളവ് അനുവദിക്കുന്നതിനുള്ള നിർദേശങ്ങൾ തീരപരിപാലന പ്ലാനിൽ ഉൾപ്പെടുത്തുമോ; വിശദാംശം വ്യക്തമാക്കുമോ? | (ബി) | 2011 സി.ആർ.ഇസഡ് വിജ്ഞാപനത്തിലെ വ്യവസ്ഥകൾ പ്രകാരം സി.ആർ.ഇസഡ് III കാറ്റഗറിയിൽ ഉൾപ്പെടുന്ന വികസന നിഷിദ്ധ മേഖലയിൽ (NDZ) ഉൾപ്പെടെ അങ്കണവാടികൾ, സ്കൂളുകൾ, ആശുപത്രികൾ തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അനുവദനീയമാണ്. 2019 സി.ആർ.ഇസഡ് വിജ്ഞാപനത്തിലും ഈ വ്യവസ്ഥകൾ നിലനിർത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ